പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5006. 24.07.2015 ന് മറുപടിയ്ക്ക്.

## മലപ്പുറം മണ്ഡലത്തിലെ മൊറയൂർ ഐ.ടി.ഐ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ഉബൈദുള്ള : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം മണ്ഡലത്തിൽ പുതുതായി അനുവദിച്ച മൊറയൂർ ഐ.ടി.ഐ. സംബന്ധിച്ച തുടർ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br><br>(സി) ഐ.ടി.ഐ. എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ? | *(എ) യും (ബി) യും (സി)യും* ഈ വിഷയത്തിൽ സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി അരീക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തുകയും, ടിയാൻ ഇടക്കാല റിപ്പോർട്ട് ട്രെയിനിംഗ് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഐ.ടി.ഐ. തുടങ്ങുന്നതിന് താത്ക്കാലിക സൗകര്യം ഒരുക്കണമെന്നും ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ പിന്നീട് പരിഗണിക്കാമെന്നുമാണ് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുള്ളത്. പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തി, ആയത് എത്രയും വേഗം വകുപ്പിന് ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കാൻ അരീക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ